ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിൽ കേന്ദ്രഗവൺമെന്റിന്റെ ആരോഗ്യ കുടുംബ ക്ഷേമവകുപ്പിന്റെ കീഴിൽ യുനാനി ക്ലിനിക് ആൻറ് റിസർച്ച് സെന്റർ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. 1986 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന്റെ ചാർജ്ജ് ഇപ്പോൾ വഹിക്കുന്നത് ഡോക്ടർ എസ്. കരീം മുല്ലയാണ്. എല്ലാ ചൊവ്വാഴ്ചയും ഈ സ്ഥാപനത്തിന്റെ ഒരു മൊബൈൽ യൂണിറ്റ് കൊടുങ്ങല്ലൂർ ഭാഗത്ത് പ്രവർത്തനം നടത്തിവരുന്നു. രണ്ട് റിസർച്ച് ഓഫീസറും 6 മറ്റ് ജീവനക്കാരുമാണ് ഈ സ്ഥാപനത്തിലുണ്ടായിരുന്നത്. 2005 മേയ്, ജൂൺ മാസങ്ങളിലായി ഒരു റിസർച്ച് ഓഫീസറേയും മൂന്ന് ജീവനക്കാരേയും മദ്രാസിലേക്കും ഡൽഹിയിലേക്കും സ്ഥലം മാറി. ഡെയ്ലി വേജസ്സിലുള്ള സ്വീപ്പറെ പിരിച്ചുവിട്ടു. ഇപ്പോൾ റിസർച്ച് ഓഫീസറെ കൂടാതെ ബാക്കിയുള്ള രണ്ട് ജീവനക്കാർക്കുകൂടി മദ്രാസിലേക്ക് സ്ഥലം മാറ്റം വന്നിട്ടുണ്ടെങ്കിലും പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് ഈ ജീവനക്കാരെ മാറ്റാതിരിക്കുകയാണ്. ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും കേന്ദ്ര ഗവൺമെന്റിൽനിന്നും ഡി.ഡി. യായിട്ടാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തിലേക്കുള്ള ഔഷധങ്ങളും കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. ധാരാളം രോഗികളും എത്തുകയും അവർക്കെല്ലാം വളരെ പ്രയോജനം ലഭിക്കുകയും ചെയ്യുന്ന ഈ സ്ഥാപനം അടച്ചുപൂട്ടാനുള്ള നീക്കം തടഞ്ഞ് ഇവിടെത്തന്നെ നിലനിർത്താൻ സഹായിക്കണമെന്നുള്ള കാര്യം ശ്രീ. കെ. മുഹമ്മദാലി. എം.എൽ.എ. തന്നെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഈ സ്ഥാപനം ഇവിടെത്തന്നെ നിലനിർത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ആരോഗ്യമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്; കഴിഞ്ഞ തവണ ഡൽഹിയിൽ പോയപ്പോൾ നേരിട്ട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്.

(11) മലയിടിച്ചിലും അതിവർഷവും മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കഴിഞ്ഞ 4 ദിവസമായി ഇടുക്കി ജില്ലയിൽ വ്യാപകമായി കനത്ത മഴ തുടരുകയാണ്. കനത്ത മഴയിലും കാറ്റിലുംപെട്ട് നിരവധി നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഗതാഗത സൗകര്യം മുടങ്ങിയിട്ടുണ്ട്. ഏറ്റവും കൂടുതൽ നാശം വിതച്ചത് മൂന്നാർ മേഖലയിലാണ്. മൂന്നാർ മേഖലയിലെ നല്ലതണ്ണി റോഡിനോട് ചേർന്ന കെട്ടിടം ഇടിഞ്ഞുവീണ് ഒരാൾ മരിക്കുകയും ഏതാണ്ട് പത്തോളം ആളുകളെ കാണാതായിരിക്കുകയും ചെയ്യുന്ന സംഭവമാണ് അവിടെയുണ്ടായിട്ടുള്ളത്. അഞ്ചോളം വീടുകൾ മണ്ണിനടിയിലാണെന്നാണ് അറിഞ്ഞത്. അതുപോലെ തന്നെ എന്റെ നിയോജകമണ്ഡലത്തിലെ കഞ്ഞിക്കുഴി, വാത്തിക്കുടി പഞ്ചായത്തുകളിലെ വരിക്കമുത്തൻ, മുരിക്കാശ്ശേരി പ്രദേശങ്ങളിൽ നിരവധി വീടുകൾ വാസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. ആ വീടുകൾ പുനരുദ്ധരിക്കാൻ ഇന്ന് ഗവൺമെന്റ് നൽകുന്ന തുക അപര്യാപ്തമാണ്. ഭാഗികമായി തകർന്ന വീടുകൾക്ക് 3,000 രൂപയും, പൂർണ്ണമായി തകർന്ന വീടുകൾക്ക് 15,000 രൂപയുമാണ് ഇപ്പോൾ നിയമം അനുശാസിക്കുന്നത്. അതുകൊണ്ട് തലചായ്ക്കാൻ ഒരു വീട് നിർമ്മിക്കാൻ സാദ്ധ്യമല്ല. ആ തുക വേഗത്തിൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇത്തരം വിഷയങ്ങളിൽ ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇടുക്കി ജില്ലയിൽ വ്യാപകമായി മലയിടിച്ചിലും അതിവർഷവുമുണ്ടായിട്ടുണ്ട്. ഏറ്റവും രൂക്ഷമായിട്ടുള്ളത് മൂന്നാറിലാണ്. മൂന്നാറിലെ എം. എൽ. എ. ശ്രീ. എ. കെ. മണി ഇപ്പോൾ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹവുമായി ഞാൻ രാവിലെ സംസാരിച്ചിരുന്നു. ഇന്നലെ രാവിലെ ഉണ്ടായ മലയിടിച്ചിലിൽ ഒരാൾ മരണമടഞ്ഞു. നല്ലതണ്ണിയിലുള്ള ശെൽവരാജപിള്ളയാണ് മരിച്ചത്. വൈകുന്നേരം ഏഴ് മണിക്ക് അദ്ദേഹം വീട്ടിലേക്ക് പോകുമ്പോൾ മലയിടിഞ്ഞ് വീണ് മരിക്കുകയായിരുന്നു. അതുപോലെതന്നെ അന്തോണിയാർ കോളനിയിൽ മലയിടിഞ്ഞു 5 വീടുകൾ മണ്ണിനടിയിലാണ്. രണ്ട് വീടുകളിലായി 5 പേരെ കാണാതായിട്ടുണ്ട്. എത്ര പേരുണ്ടെന്ന് അറിഞ്ഞുകൂടാ. അരമണിക്കൂർ മുമ്പ് കിട്ടിയ റിപ്പോർട്ടനുസരിച്ച് ഗാന്ധിനഗറിൽ മറ്റൊരു മണ്ണിടിച്ചിലുണ്ടായി. അവിടെ ഒരു വീടിന് മുകളിലേക്കാണ് മണ്ണിടിഞ്ഞിരിക്കുന്നത്. അതിന് കീഴിൽ ആളുകളുണ്ടോ എന്ന് സംശയിക്കുകയാണ്. അതുപോലെ തന്നെ രണ്ട് പേർ ഇപ്പോൾ ആശുപത്രിയിലുണ്ട്. ആകെ 8 പേരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നത്. 6 പേരെ ഫസ്റ്റ് എയ്ഡ് കൊടുത്ത് ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. രണ്ട് പേർ ആശുപത്രിയിലുണ്ട്. റവന്യൂ, പോലീസ്, ഫയർഫോഴ്സ്, ഹെൽത്ത്, ഫോറസ്റ്റ് എന്നീ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് റെസ്ക്യൂ പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നുണ്ട്. അവിടെ മണ്ണ് മാറുന്നുണ്ട്. പക്ഷേ ഒരു ബുദ്ധിമുട്ട് വന്നിരിക്കുന്നത്, വ്യാപകമായ മഴയും മണ്ണിടിച്ചിലും നടന്നുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ്. ആളുകൾക്ക് തന്നെ, ഉദ്യോഗസ്ഥർക്ക് തന്നെ റെസ്ക്യൂ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്; ഭയപ്പാടുണ്ട്. ആ നിലയിൽ ഒരു പുതിയ പ്രതിഭാസം അവിടെ ഉയർന്നുവന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മുരിക്കാശ്ശേരി, കഞ്ഞിക്കുഴി എന്നിവിടങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ട്; മരിച്ച ആളുകളുടെ കുടുംബത്തിന് 50,000 രൂപ സഹായമായി നൽകുന്നതാണ്. വീടുകൾ നഷ്ടപ്പെട്ടവർക്ക് പകരം വീട് വച്ചു കൊടുക്കുന്നതാണ്. നോംസ് അനുസരിച്ച് 10,000 രൂപയേ കൊടുക്കുവാൻ നിവൃത്തിയുള്ളുവെങ്കിൽപോലും പ്രത്യേക കേസായി ഇത് പരിഗണിച്ച് 30,000 രൂപ വീടുകൾ വയ്ക്കുന്നതിന് ഗവൺമെന്റ് നൽകുന്നതാണ്. അതുപോലെ ഈ കാര്യത്തിൽ മറ്റ് സഹായങ്ങൾക്കൊക്കെ ഗവൺമെന്റ് ഏർപ്പാട് ചെയ്യുന്നതാണ്. ഞാൻ ഇന്നു രാവിലെതന്നെ റവന്യൂ കമ്മീഷണർ ശ്രീ. അൽഫോൺസ് കണ്ണന്താനത്തെ ഈ പ്രവർത്തനങ്ങളെല്ലാം ഒന്നുകൂടി കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായും മൂന്നാറിലേക്ക് അയച്ചിട്ടുണ്ട്. അദ്ദേഹം ഇന്ന് വൈകുന്നേരത്തിനു മുമ്പായി അവിടെ എത്തും. പോരായ്മയുള്ള കാര്യങ്ങൾ അദ്ദേഹം നിർവ്വഹിച്ചുകൊള്ളും. ശ്രീ. എ. കെ. മണി എം. എൽ. എ ബാക്കി സഹായങ്ങളും പ്രവർത്തനങ്ങളുമായി രംഗത്തുണ്ട്.

VI. പ്രത്യേക പരാമർശം

തീരപ്രദേശങ്ങളിൽ ഭൂകമ്പമുണ്ടാകുകയും മത്സ്യബന്ധനത്തിന് പോയവരെ കാണാതാകുകയും ചെയ്ത സംഭവം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിന്റെ തീരദേശത്ത് ഇന്നു പുലർച്ചെ നേരിയ തോതിലുള്ള ഭൂചലനം ഉണ്ടായിട്ടുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly